# DHWANI





Detroit Malayalee Association

www.dmausa.org

# ധ്വനി

Vol. 15 | Issue -01 | September 2022


Michigan Malayalee - 2013
Since
18 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225
Weekend Buffet & Banquet Hall Available




## OFFICE BEARERS

*President :* **Osborne David**
*Vice President :* **Sunil Paingol**
*General Secretary :* **Dinesh Lakshmanan**
*Joint Secretary :* **Krishnakumar Nair**
*Treasurer :* **Diaz Thomas**
*Joint Treasurer :* **Krishnaraj Udayachalam**

## BOT

*Chairman :* **Mohan Panangavil**
*Vice Chairman :* **Sudarsana Kurup**
*Secretary :* **Manoj Jaiji**
*Current President :* **Osborne David**
*Ex-Officio :* **Noble Thomas**

## EDITORIAL BOARD

*Chief Editor:* **Saijan Kaniyodikal**
**Thomas Karthanal, Shalini Jayaprakash**
**Prince Abraham, Ajith Ayampilly**
*Chief Illustrator:* **Deva Prakash**

## WOMEN'S FORUM

*President :* **Sarita Nair**
*Secretary :* **Raji George**

## YOUTH FORUM

*Chair Person :* **Jerusha Manoj**
*Vice Chair Person :* **Aditya Kutty**

## Executive Committee

Abhilash Paul, Ajith Ayyampilly
Antony Manalel, Biju Joseph
Boby Thomas, Brijesh Gopalakrishnan
Charls Thomas, George Vannilam
Gigi Paul, Jose Lukose
Jules George, Justin Varghese
Libin John, Madhu Nair
Manoj Jaiji, Mathews Cheruvil
Mohan Panangavil, Noble Thomas
Noble Thomas, Paul Kuriakose
Pradeep Srinivasan, Praveen Nair
Prasant Chandrasekhar, Prince Abraham
Rajesh Kutty, Rajesh Nair
Rojan Thomas, Saijan Joseph
Sajan Elengikal, Sam Mathew
Sandeep Palakkal, Sanju Koithara
Sreekumar Kambath, Sudarsana Kurup
Surendran Nair, Thomas Karthanal
Vinod Kondoor








**President's Message**. .......... 02
*Osborne David*.

**എഡിറ്റോറിയൽ**. .......... 03
*Saijan Kaniyodikal*

**High on Music:Sithara Krishnakumar & team**. .......... 04

**DMA's Journey for the Year of 2022-**
**Secretary's Report**. .......... 07
*Dinesh Lakshmanan*

**കോവിഡീയൻ കുട്ടികൾ**. .......... 11
*ബിജു ജി. നാഥ്*

**ചില ഓണസ്മൃതികൾ**. .......... 15
*ഗിരിജാവാര്യർ പാലക്കാട്*

**നിശ്ശബ്ദതയുടെ വീട്**. .......... 17
*യു. ആർ. ഗോപാലകൃഷ്ണൻ*

**നീലനിലാവ്** .......... 21
*രജീഷ് വെങ്കിലാട്ട്, ഡിട്രോയിട്ട്*

**വീണ്ടും വട്ടയില**. .......... 23
*സെസിൽ കൈപ്പട്ടൂർ*

**ഞാൻ അറിഞ്ഞ സീത**. .......... 25
*ജ്യോതി ലക്ഷ്മി നമ്പ്യാർ*

**മൂന്നാർ മിസ്റ്റ്**. .......... 29
*ജെയ്മോൻ ജേക്കബ് പുറയംപള്ളിൽ*

**സുപ്രഭാതം, ആദ്യപ്രണയം**. .......... 31
*മണി നായർ*

**DMA CHARITY REPORT 2022 –** JANUARY - JULY. .......... 32
*Sudarsana Kurup*

**My Mother is One of a Kind**. .......... 35
*Gavin, 3rd Grade*

**I'm Alive!**. .......... 37
*Reshma Ranjan*

**An Interview with FOMAA**
**Mayookham Winner: Lalitha Ravi**. .......... 41






# PRESIDENT'S MESSAGE



Wish you all a Happy Onam!

I am honored to be writing the President's message for our flagship magazine Dhwani. This magazine was started with the notion of showcasing the literary talents of our members. We have come a long way, since we first published it, with numerous exceptional and intriguing articles. I hope you enjoy this edition of Dhwani and support our sponsors.

The Detroit Malayalee Association had been serving the Malayalee community in Michigan and in Kerala for over 4 decades. During those years we have had numerous energetic and visionary leaders leading this great organization and I am humbled to be part of that distinguished set of people.

DMA with its dynamic set of Executive Committee members have been working diligently to conduct enjoyable events like the Summer Picnic in July, Onam and Music Show in September, TechDay for kids in October and Christmas in December. Our Youth Group and Women's Forum are very strong supporting pillars of this organization. While the Youth Forum is developing the next generation of DMA members, the Women's Forum play a key role in conducting charity events and assisting with organizing DMA functions.

Community outreach and charity has been and will always be DMA's first priority. To that extent, we have donated to Gleaners food bank, volunteered at soup kitchens, cleaned up roads and financially helped out numerous individuals in Kerala and in Michigan. None of these would have been possible without the continued support and generous donations from our DMA members and loyal sponsors, and we are ever grateful to you for that. Going forward, we are expecting and dependent on your continued support and generous contributions to continue with our Community Outreach and Charitable activities.

During the past few years the pandemic has certainly changed our lives and the way we live. It has helped us focus on our priorities and get more involved with family and friends. It had brought us all closer as a community to lookout for each other and help and assist one another during the time of need.

There has not been a more important moment, where we as individuals and as an organization, to get more involved and help communities in and around us. If there is anything that DMA can help with, please don't hesitate to reach out to us. Once again on behalf of the Executive Committee, Women's Forum and Youth Forum members, I want to wish you all a safe and joyous Onam!

**Osborne David**








വീണ്ടുമൊരു ഓണക്കാലം കൂടി! അനേക നൂറ്റാണ്ടുകൾക്ക് മുൻപ് മലയാളികൾ അഭിമാനം കൊണ്ടിരുന്ന ഒരു ചിരപുരാതന സംസ്കാരത്തിന്റെ സുഖമുള്ള ഓർമ്മപ്പെടുത്തലാണ് ഓണം. അതിന്റെ ഐതിഹാസികമായ ഉത്ഭവചരിത്രമെന്തു തന്നെയായാലും സ്വന്തം ജീവിതം സഹജീവികൾക്കും സമൂഹത്തിനും സർവ്വോപരി തന്റെ പ്രജകൾക്കും ഉപകാരപ്രദമാകുമ്പോൾ അത് സഫലവും സാർത്ഥകവും ആകുന്നുവെന്ന് മഹാബലി ചക്രവർത്തി നമ്മെ ഉദ്ബോധിപ്പിക്കുന്നു.

മഹാബലിയെപ്പോലെ സ്വന്തം നാട്ടിൽ നിന്ന് അകന്നു ജീവിക്കുവാൻ വിധിക്കപ്പെട്ടവരാണ് അമേരിക്കൻ മലയാളികൾ, തന്റെ സഹായം തേടിവന്ന പ്രജയ്ക്ക് വേണ്ടി തന്റെ രാജ്യവും അവസാനം തന്റെ ജീവൻ തന്നെയും ദാനം ചെയ്ത മഹാബലിയേപ്പോലെ തന്റെ കുടുംബത്തിനും നാടിനും വേണ്ടി നാമും വലിയത്യാഗം തന്നെയാണ് ചെയ്യുന്നത്. ഇന്ന് ഇവിടെ പോറ്റമ്മ നാട്ടിൽ നാം എത്ര സ്വതന്ത്രരാണ് ഇവിടെ സാഹോദര്യത്തോടെ വർത്തിക്കുന്ന നമ്മുടെ സഹോദങ്ങൾ അവിടെ പെറ്റമ്മയുടെ മടിത്തട്ടിൽ പരസ്പരം ആക്രമിക്കപ്പെടുന്നു. രാഷ്ട്രീയത്തിന്റെ പേരിൽ മതത്തിന്റെ പേരിൽ ജാതിയുടെ പേരിൽ വർണ്ണത്തിന്റെ പേരിൽ... കേരളത്തിൽ ശക്തി പ്രാപിക്കുന്ന തീവ്രവാദ പ്രസ്ഥാനങ്ങളും യുവജനങ്ങൾക്കിടയിൽ വ്യാപകമാകുന്ന മയക്കുമരുന്നുകളും നമ്മുടെ നാട് എങ്ങോട്ടാണ് പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചനകളാണ്. സർവ്വലോകങ്ങൾക്കും സുഖം ഭവിക്കട്ടെ എന്നാഹ്വാനം ചെയ്ത ഹിന്ദുമതവും, ഒരു ഉറുമ്പിനേപ്പോലും നോവിക്കരുത് എന്നു പറഞ്ഞ ഇസ്ലാംമതവും, നിന്നേപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്നുപദേശിച്ച ക്രിസ്തുമതവും ഇന്ന് നമുക്കന്യമാവുകയാണോ? മലയാളിയുടെ മുഖമുദ്രയായ മതമൈത്രിയിലും സാഹോദര്യത്തിലും വർത്തിക്കുവാൻ ഓണത്തിന്റെ മഹത്തായ സന്ദേശം നമുക്ക് കരുത്ത് പകരട്ടെ.

കുറച്ചു വർഷങ്ങൾക്കു ശേഷം വീണ്ടും ഞാൻ ധ്വനി മാസികയുടെ അമരത്തേക്ക് എത്തിച്ചേരുകയാണ്. ശാരികപൈതലിനെക്കൊണ്ട് കിളിക്കൊഞ്ചൽ പാടിക്കേൾപ്പിച്ച തുഞ്ചത്തെഴുത്തച്ഛന്റെ കനകതൂലികയെ കൈകൂപ്പി വണങ്ങിക്കൊണ്ട് ധ്വനി എന്ന അക്ഷരകലയുടെ മഹത്തായ ദൗത്യം ഏറ്റെടുക്കട്ടെ. വായിക്കുക വളരുക എന്ന ബോധ്യത്തോടു കൂടി അറിവിന്റെ വിശാല ലോകത്തേക്ക് ഡിട്രോയിറ്റ് മലയാളി അസോസ്സിയേഷന്റെ ധ്വനി എന്ന അക്ഷരങ്ങളുടെ അവിൽപ്പൊതി സവിനയം സമർപ്പിക്കുന്നു.

ഏവർക്കും ഓണാശംസകൾ!

**Saijan Kaniyodikal**



# HIGH on Music

## SITHARA KRISHNAKUMAR & TEAM

The voice behind some of Malayalam's most iconic music numbers, Sithara Krishnakumar is one of the most sought after Indian playback singer spreading her wings across borders with her music. A three-time state award winner, the latest being for "Paalnilavin" from Kaanekkaane in 2021, Sithara has proved her mettle as a playback and an independent musician. A trained Hindustani and Ghazal singer, she holds a master's degree in Hindustani Khyal Music and Vocal Music from Rabindra Bharati University, Kolkata along with a master's degree in English literature from Calicut University.

She travels extensively and has performed in concerts and stage shows all over the world. Folk & fusion being her other areas of interest, she has collaborated with various popular music bands in Kerala. Ater Eastraga, the band that focused on a mix of female oriented songs backed by a team of renowned musicians, she is now the soul of the 6- member band Project Malabaricus, an independent venture dedicated to exploring and experimenting with her unique Folk and Hindustani influences, music philosophy and world view.

Sithara is also a trained dancer and her video presentations " Sri Gurubhyo Namah" and "Tharuni" has garnered rave reviews transcending borders. She has worked with noted composers like Ouseppachan, M. Jayachandran, G.V. Prakash Kumar, Prashant Pilllai, Gopi Sundar, Bijibal, Shaan Rahman and rendered her voice to over 500 film songs including Malayalam and all other South Indian languages.

Her works encompass various genres which convey the deep rooted understanding of music at many different levels. The same instinct is what had Sithara compose music for three movies. Having shared stage with legendary stalwarts like SPB, K.J. Yesudas, Shankar Mahadevan, Hariharan, K.S. Chitra, she is indeed a crowd favourite for concerts worldwide. ●



# JOB KURIAN

Job Kurian is a singer/composer hailing from Alleppey, the land of backwaters and is currently settled in Trivandrum, Kerala. His music is highly rooted in kerala's traditional and folk music and he loves to collaborate his instinctive music with different genres from across the world, hence making his music very unique. One could say his music has "Kerala's soul wrapped in an international sound" giving him the edge.

Job Kurian says "My vision about music can be compared to an endless highway where i could see the farther end but need certain catalysts and energizers to move towards it. It happened with great opportunities in playback singing and I was very fortunate to be a part of the trendsetter reality show in Amrita TV, back in 2006..and today, by God's grace, the journey still continues."

Job Kurian has been prevalent in the malayalam playback industry and independent music scene of Kerala for the past 13 years, maintaining a high reputation. The TV shows such as straight from the heart, Music Mojo (3 seasons), Thalam (album), Hope Project, along with more than 35 tracks in the malayalam film industry and his energetic live concerts have earned him the reputation he still holds in the hearts of all the music lovers in Kerala. He is immensely focused on producing his own independent projects that are born from his truelife incidents and experiences. All his tracks were well received because of pure genuinity and passion that he puts in to each track. He says, "After all, my music is an extended expression of who I truly am."

Job Kurian works with a regular set of wonderful co-artists who has a great rapport with him, both personally and musically, and travels together frequently in India and abroad, further strengthening the bond, giving the audience an impeccable and mesmerizing experience. Job has featured along with a lot of popular bands like Avial, Shankar tucker band and so on, sharing a beautiful chemistry with such legendary artists on and off stage.

# HARISH SIVARAMAKRISHANAN

Harish Sivaramakrishnan is a trained Carnatic musician, Indian playback singer and lead vocalist of the Banglore based Carnatic progressive rock outfit, Agam. Apart from this he is also the Head of Design at CRED after working for over a year in Adobe and Google. As a playback singer Harish predominantly works in the Tamil and Malayalam music industry and has a number of hits to his name like Marayumo from Jawan of Vellimala, Irul mazha from Angels, Pravanavidhuve from Oru vadakkan Selfie, Paanila and Varikallo from Rockstar, Unnai Maatrinal from Ko 2,Nenjilleri Theeye from Ramaleela, Oru Vanchi Pattu and Devadhai Pol Oruthi in Solo, Avan in Seethakathi and Nee Vasanthakalam in Chola to name a few. He has worked with prominent music directors such as Bijibal, Gopi Sundar, Govind Vasantha, G V Prakash Kumar and Shaan Rahman. He recently bagged the Best Playback Singer award at South Indian International Awards for Veyyon Silli from Soorarai pootru. As the lead vocalist and founding member of Agam he has toured all around the globe and performed at a number of prestigious festivals and venues pan India.




GREAT SUSHI.
GREAT CAUSE.
ROLLED
INTO ONE.
Every purchase feeds one orphan.
ANU
SUSHI
ANUSUSHI.COM



Dinesh Lakshmanan

## SECRETARY'S REPORT

# DMA's Journey

JANUARY – AUGUST 2022



### VALENTINE'S DAY CELEBRATIONS

DMA started this year's activities with Valentine's Day celebrations and family fiesta on 12th of February, and the program was coordinated by Boby Thomas. This was an evening with various games, kids' games, new executive member introduction and other fun filled activities.





### INTERNATIONAL WOMEN'S DAY CELEBRATION





DMA Women's Forum celebrated International Women's Day, coordinated by Sarita Nair and Raji George. It was celebrated with a session on Women Entrepreneurship by Theresa Schierloh and making blankets for the less fortunate women and children, coordinated by Sholy Nair.

# Discharging from Hospital...???

LET US TAKE CARE OF YOUR SKILLED HOMECARE NEEDS

T.O.N.E.
Home Health Services, Inc.
Treating Ongoing Needs Effectively

MEDICARE approved

JCAHO certified

OUR SKILLED HOMECARE SERVICES INCLUDE:

- ☑ NURSING SERVICES
- ☑ THERAPY SERVICES (PT/OT/ST)
- ☑ MEDICAL SOCIAL WORKER
- ☑ FALL PREVENTION / EDUCATION
- ☑ TELE-MONITORING OF DAILY VITALS
- ☑ REGISTERED DIETITIAN

T.O.N.E. *has been providing quality home health services since 2006 in the following counties:*

WAYNE, OAKLAND, MACOMB & WASHTENAW



QUALITY OF PATIENT CARE STAR RATING

CMS
CENTERS for MEDICARE & MEDICAID SERVICES

| | T.O.N.E. Home Health Services, Inc. Treating Ongoing Needs Effectively | MICHIGAN AVERAGE |
|---|---|---|
| Quality of Patient Care Star Ratings by CMS (out of 5 stars) | ★★★★½ 4½ Stars | ★★★½ 3 & 1/2 Stars |

*Call us today for more info.*

**1-888-908-TONE**

www.tonehhs.com




# CAN DRIVE







DMA Youth forum organized DMA CAN Drive led by chairperson Jerusha Manoj. The team collected over 300 pounds of canned food and donated to Gleaners at Brighton, on 23rd April.

# DMA PICNIC



DMA picnic was held on 16th July at Firefighters Park, Troy, coordinated by Brijesh Gopalakrishnan, Charles Thomas, Libin John and Sam Mathew. It was a fun-filled day with Barbeque specialties, Naadan Kerala food, Naadan kalikal, Kids games, Kids face painting, Kite flying and Chess exhibition.









# DMA ADOPT-A-ROAD




DMA adopt a road community work was conducted on 23rd July. DMA volunteers did the community work in Sterling Heights (Dequindre Rd between 14 and 16 Mile Road) as well as in Novi (Novi Road between 8-mile road and Grand River Avenue). The event was coordinated by Sreekumar Kambath on east side and Sam Mathew on West side.






# INDIA INDEPENDENCE DAY CELEBRATIONS

Detroit Malayalee Association joined hands with ILA on the India Independence Day Celebrations at Suburban Collection Showplace, Novi on August 20th.










ബിജു ജി. നാഥ്



# കോവിഡീയൻ കുട്ടികൾ

**വ**ളരെ പെട്ടെന്നാണ് ലോകം മാറിയത്! നൂറ്റാണ്ടുകളിൽ സംഭവിക്കുന്ന ഒരു ദുരന്തമായി കണക്കാക്കാൻ കഴിയുന്ന ഒന്നായി കോവിഡിനെ വിലയിരുത്തുന്ന ഈ കാലത്ത്, കോവിഡ് ഒരു സാധാരണ സംഭവം പോലെ ലളിതമായി കൈകാര്യം ചെയ്യാൻ പറ്റുന്ന വിധത്തിൽ ജനതയുടെ ചിന്തയും ശാസ്ത്രവും അറിവും വളർന്നിരിക്കുന്നതിനാൽ മാത്രം അഞ്ചു കോടി മരണം ഇതെഴുതുന്ന സമയത്ത് സംഭവിച്ചു കഴിഞ്ഞിട്ടും കോവിഡ് ഒരു വലിയ ആഘാതമായി ജനത്തിന് ഇനിയും അനുഭവപ്പെടുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. അത്തരം ആഗോള വിഷയങ്ങളിലേക്ക് പോകുവാൻ വിസ്താരഭയം മൂലം ശ്രമിക്കുന്നുമില്ല എങ്കിലും ഞാൻ ഇവിടെ പറയാൻ ശ്രമിക്കുന്നത് കോവിഡ് കാലത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന കുഞ്ഞുങ്ങളെക്കുറിച്ചാണ്.

കേട്ടുകേൾവികളിൽ മാത്രമുണ്ടായിരുന്ന ഒന്നായിരുന്നു നമുക്കൊക്കെ ഓൺലൈൻ ക്ലാസ്സുകൾ. മാറുന്ന കാലത്ത് വിദൂരപഠനം ഒരു വലിയ കാര്യമായേ തോന്നുന്നില്ല. എന്നിരിക്കിലും അവയൊക്കെ മുതിർന്നവരിൽ മാത്രമാണു ഒതുങ്ങി നിന്നിരുന്നത്. ഇന്ദിരാഗാന്ധി ഓപ്പൺ സ്ട്രീം അടക്കം ഒരുപാട് വിദൂരപഠനസംവിധാനങ്ങൾ ഉണ്ട് എങ്കിൽപ്പോലും സ്കൂൾ കോളേജ് വിദ്യാഭ്യാസങ്ങൾ നേരിട്ടു ഗുരുമുഖത്തിൽ നിന്നും ലഭിച്ചിരുന്ന കാലവും അതിന്റെ ഗുണങ്ങളും ഉള്ളിന്റെ ഉള്ളിൽ ഉറഞ്ഞു പോയ ഒരു വിശ്വാസമായി നിൽക്കുന്നതിനാൽ ആകണം ഓൺ ലൈൻ ക്ലാസ്സുകളിലേക്ക് കുട്ടികളെ തള്ളിവിടപ്പെട്ടപ്പോൾ അതിനെ ആശങ്കയോടെ നോക്കിക്കാണാനും വിലയിരുത്താനും ശ്രമിച്ചത്. തീർച്ചയായും ഓൺലൈൻ പഠനം മൂലം കുട്ടികൾക്ക് ഉണ്ടായ ഗുണങ്ങളെക്കുറിച്ചാണ് ആദ്യമായി പറയാൻ നോക്കുന്നത്. അന്നുവരെ ഭൂരിഭാഗം കുട്ടികൾക്കും നിഷിദ്ധമായിരുന്ന മൊബൈൽ, ടാബ്, ലാപ്പ്ടോപ്, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങൾ സ്വാതന്ത്ര്യത്തോടെ അവരുടെ കൈകളിലേക്ക് വന്നെത്തി എന്നതാണ് അവരിൽ ആദ്യം ലഭ്യമായ സ്വാതന്ത്ര്യം. ഏതൊരു കാര്യത്തിനും ഗുണങ്ങളും ദോഷങ്ങളും ഉണ്ട്. ഈ സംവിധാനങ്ങൾ ലഭ്യമായതോടെ കുട്ടികൾക്കുണ്ടായ ഗുണങ്ങൾ എന്താണെന്ന് ആദ്യം നോക്കാം. ഗുരുക്കന്മാരെ നേരിൽക്കണ്ട് ക്ലാസ് ശ്രവിക്കാനും നോട്ടുകൾ തയ്യാറാക്കി അയച്ചു കൊടുക്കാനും സ്വീകരിക്കാനും സാധിച്ചു. പ്രൊജക്ടുകൾ ചെയ്യാനും, പരീക്ഷ എഴുതാനും അതോടൊപ്പം തങ്ങളുടെ കലാപരമായ പ്രവർത്തനങ്ങളെ പ്രകടിപ്പിക്കാനും ഉള്ള അവസരങ്ങൾ കരഗതമായി. അതുപോലെ ലോകത്തെ വിശേഷങ്ങളും വിവരങ്ങളും അറിയാനും തങ്ങളുടെ കഴിവുകളെ ലോകത്തിന് പരിചയപ്പെടുത്താനും അവസരങ്ങൾ ഇന്റർനെറ്റ് സൗകര്യത്തിലൂടെ യൂടൂബ്, ടിക് ടോക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സംവിധാനങ്ങളിലൂടെ സാധിച്ചു. എന്നാൽ ഇവയ്ക്കപ്പുറം ചിലത് കൂടി സംഭവിച്ചു ഇതിനിടയിൽ. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടെലഗ്രാം യൂടൂബ് തുടങ്ങിയ മുതിർന്നവർ ഉപയോഗിക്കുന്ന എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും കുട്ടികൾക്ക് കടന്നു കയറാനും അതുവഴി ഗ്രൂപ്പുകളും, പുതിയ ബന്ധങ്ങളും, അറിവുകളും നേടാൻ കൂടി ഇത് അവർക്ക് സാധ്യത തുറന്നു കൊടുത്തു. ആദ്യമായി കോളേജിൽ പോയിത്തുടങ്ങുന്ന കൗമാരക്കാർ നൂൺ ഷോകളിലേക്കും, മദ്യപാനം, പുകവലി, ലൈംഗിക തൊഴിലാളികളുടെ സേവന

കേന്ദ്രങ്ങളിലേക്കും നുഴഞ്ഞു കയറുന്നതിന് സമാനമായ ഒരു ലഹരിലോകം കുട്ടികളിൽ അതും കൊച്ചു കുട്ടികളിൽ വരെ സൃഷ്ടിക്കാൻ കൂടി ഈ സാധ്യതാലോകം സഹായിച്ചുവെന്നതാണ് വാസ്തവം. ഗ്രൂപ്പുകളിൽ കയറി ഇരിക്കാൻ കുട്ടികൾ താത്പര്യം പ്രകടിപ്പിച്ചു തുടങ്ങിയത് മാത്രമല്ല, അവരെ ഉദ്ദേശിച്ചു മാത്രം പുതിയ ആപ്പുകൾ ഉണ്ടായി എന്നതാണു പ്രകടമായ ഒരു പ്രശ്നം. തങ്ങൾ ഇരിക്കുന്ന സ്ഥലമോ, നോക്കുന്ന സൈറ്റുകളോ, കാണുന്ന സംഗതികളോ രഹസ്യമായി വയ്ക്കാൻ ഉതകുന്ന ആപ്പുകൾ അവർക്ക് ലഭ്യമായി. മുതിർന്നവർക്ക് അറിയാത്ത എല്ലാ രഹസ്യാത്മക സംവിധാനങ്ങളും കുട്ടികൾക്ക് അറിയാവുന്ന അവസ്ഥയായി. അവർ അത് മനോഹരമായി ഉപയോഗിക്കുകയും ചെയ്തു തുടങ്ങി. കൂട്ടുകാരുടെ ഇടയിൽ പല പ്രായക്കാരും പല ചിന്തക്കാരും ഉണ്ടായി. മുതിർന്നവർ നിയന്ത്രിക്കുന്ന ചില ഘടകങ്ങൾ ഉണ്ടായി ഇത്തരം ഗ്രൂപ്പുകളിൽ. അതിനു ഉദാഹരണം ആണ് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെയും ടീച്ചറിന്റെയും ഫോട്ടോയും നമ്പറും ഒക്കെ ഓൺലൈനിൽ തന്നെ വിൽപ്പന നടത്തിയ കുട്ടികളുടെ വാർത്തകൾ എന്ന് നാം കണ്ടതാണല്ലോ. പലപ്പോഴും കുട്ടികൾ ഉപയോഗിക്കുന്ന മൊബൈലുകൾ അവരുടെ രക്ഷകർത്താക്കളുടെയോ സഹോദരങ്ങളുടെയോ അടുത്ത ബന്ധുക്കളുടെയോ മറ്റുമാകുന്നു. ഇവർ പലപ്പോഴും കുട്ടികളുടെ ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞു കയറുകയും അനാവശ്യവും അവസരോചിതമല്ലാത്തതുമായ കമന്റുകളും ഇടപെടലുകളും നടത്തുന്നതും ഇതിനെതിരെ സ്കൂൾ അധികൃതർ നിയമ നടപടികൾ സ്വീകരിക്കുമെന്ന് പരാതി ബോധിപ്പിക്കുന്നതും നാം കണ്ടതാണ്. ഇതോടൊപ്പം തന്നെ കാണേണ്ട കാര്യമാണ് ഗെയിമുകൾ. ചില ഗെയിമുകളിൽ ഏർപ്പെട്ട കുട്ടികൾ മാനസികവിഷമതകളിൽപ്പെടുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുകയുണ്ടായി.

ചിലർ വീട്ടുകാരുടെ പണം അവർ പോലുമറിയാതെ ഗെയിമുകളിൽ ഉപയോഗിച്ച് വീട്ടുകാരെ വിഷമത്തിലാക്കുകയുണ്ടായി. കൊച്ചു കുട്ടികളുടെ ഇൻബോക്സുകളിലേക്ക് അശ്ലീല ചിത്രങ്ങളും വീഡിയോകളും അയച്ചു കൊടുക്കുകയും അവരെ മോശം ചിന്താഗതികളിലേക്കും പ്രലോഭന, ബ്ലാക്ക് മെയിൽ രീതികളിലേക്ക് നയിക്കുകയും ചെയ്ത സംഭവങ്ങൾ ഒരുപാട് ഉണ്ടായി. പുറത്തായ വിവരങ്ങളിൽ ഒരധ്യാപകനെയും നമ്മൾ കണ്ടു. അറിയപ്പെടാത്ത ഒരുപാട് വിഷയങ്ങൾ അവ്യക്തമായി തുടരുകയും ചെയ്യുന്നു. ഏറ്റവും മോശമായ ഒരു വിഷയം എന്താണെന്ന് നോക്കിയാൽ കുട്ടികൾ മൊബൈലിനു അഡിക്റ്റ് ആയി മാറുന്ന കാഴ്ച ആയിരുന്നു. ഉറങ്ങാൻ പോകുമ്പോൾ പോലും അവരുടെ കൈകളിൽ മൊബൈൽ സൂക്ഷിയ്ക്കുന്ന വിധത്തിൽ അത് വളർന്നു. ഇടയ്ക്കിടക്ക് മൊബൈൽ തുറന്നു നോക്കി മെസ്സേജുകൾ ഉണ്ടോ ഇല്ലയോ എന്നു നോക്കുന്ന അവസ്ഥയിലേക്ക് കുട്ടികൾ വീണു പോകുന്നത് കാണാനായി. മൊബൈൽ ഉപയോഗം കുറച്ചപ്പോഴോ, നിയന്ത്രിക്കുകയോ നിഷേധിക്കുകയോ ചെയ്തപ്പോഴോ ആത്മഹത്യകൾ സംഭവിക്കുന്നത് കാണാൻ കഴിഞ്ഞു. ഒറ്റയ്ക്കാകുന്ന അവസരങ്ങളിലൊക്കെയും അല്ലാത്തപ്പോഴും ഓൺലൈനുകളിൽ കുട്ടികൾ രഹസ്യാത്മകത സൂക്ഷിക്കാനും പ്രകടിപ്പിക്കാനും ശ്രമിക്കുന്നത് കാണാനായി.

ഇത്തരം അവസ്ഥകളിൽ വീണു പോകുന്ന തരത്തിൽ ഓൺലൈൻ സ്വാധീനം കുട്ടികളിൽ വളർന്ന് കഴിഞ്ഞപ്പോഴാണ് ആശ്വാസമെന്ന പോലെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ ആരംഭിച്ചത്. ഇത് രക്ഷകർത്താക്കളെ സംബന്ധിച്ചു ഒരു നല്ല സംഗതിയാണ്. കാരണം കുട്ടികളിലെ മൊബൈൽ സ്വാധീനം ഇല്ലാതാക്കാൻ ഇത് ഉപകരിക്കും എന്നവർ ആശ്വസിക്കുന്നു. ഇതാ അവിടെയാണ് മറ്റൊരു പ്രശ്നം കടന്നു വരുന്നത്. കുട്ടികൾക്ക് കുറഞ്ഞ കാലം കൊണ്ട് കിട്ടിയ ഈ സൗകര്യങ്ങൾ അവർക്ക് ഉപേക്ഷിക്കാൻ കഴിയാത്ത വിധത്തിൽ അവരെ സ്വാധീനിക്കപ്പെട്ടിരിക്കുന്നു. മൊബൈൽ വാങ്ങിവയ്ക്കുകയോ, നിഷേധിക്കുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യുമ്പോൾ അവരിൽ അത് മാനസികമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നു. അവരിൽ മറ്റേതൊരു അഡിക്ഷൻ വിഷയങ്ങളിലും സംഭവിക്കുന്നത് പോലെയുള്ള പ്രത്യാഘാതങ്ങൾ ഇത് ഉണ്ടാക്കുന്നു. ഇത് മനസ്സിലാക്കി രക്ഷകർത്താക്കളും സ്കൂൾ അധികൃതരും മാനസിക ആരോഗ്യ പ്രവർത്തകരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണിത്. തീർച്ചയായും സ്കൂളുകളിൽ ക്ലാസുകൾക്കൊപ്പം കൗൺസലിംഗ് കൂടി അവശ്യമുൾപ്പെടുത്തി കുട്ടികളെ ഈ വിഷയത്തിൽ ബോധവത്കരിക്കുന്നില്ലെങ്കിൽ നമുക്ക് പുതിയ പല വാർ



ത്തകളും വിഷയങ്ങളും വരുംകാലത്ത് ചർച്ച ചെയ്യപ്പെടേണ്ടി വരുമെന്നതിൽ സംശയമേതുമില്ല. ഫാമിലി ലിങ്ക് പോലുള്ള ആപ്പുകൾ ഉപയോഗിച്ച് ഓൺലൈൻ ക്ലാസ്സ് സമയം മുതലേ കുട്ടികളുടെ മൊബൈൽ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന ഒരാൾ എന്ന നിലയിൽ ഇപ്പോൾ അനുഭവിക്കുന്ന പ്രശ്നം അതിന്റെ സമയങ്ങൾ കുറച്ചു കൊണ്ട് വരുന്ന ആദ്യശ്രമത്തിൽ തന്നെ കഠിനമായ എതിർപ്പുകളും പ്രതിഷേധ പ്രവർത്തികളും കുട്ടികൾ പ്രകടിപ്പിച്ചു തുടങ്ങുന്നു എന്നതുതന്നെയാണ്. നിരന്തരമായ കൗൺസലിംഗുകൾ നടത്തുന്നുണ്ട് എങ്കിലും വിജയം എത്രകണ്ടു ഉണ്ടാകും എന്നറിയില്ല. ഒറ്റയടിക്ക് നിർത്തുക എന്നത് പ്രശ്നം തന്നെയാണ്. പടിപടിയായി സമയം വെട്ടിക്കുറച്ചും, പഠനസമയത്തെയും ഉല്ലാസ സമയങ്ങളെയും ഉറക്ക സമയത്തെയും ക്രമീകരിച്ചു അതിനിടയിൽ ഒരു കുഞ്ഞ് സമയം ഇതിന് വേണ്ടി നൽകിക്കൊണ്ട് ക്രമമായി അവരിൽ നിന്നും അത് തിരികെ വാങ്ങുക ആണ് ആശ്വാസവഹമായ ഒരു പ്രവർത്തി എന്നു കരുതുന്നു.

മുതിർന്നവർ ഉപയോഗിച്ചിരുന്ന സംഗതികൾ എന്തെന്ന് അവർ അനുഭവിച്ചറിഞ്ഞവർ ആണ്. അവർക്കത് രസാവഹവും ഒഴിവാക്കാൻ കഴിയാത്തതുമായി ഉള്ളിൽ പരുവപ്പെടുകയും ചെയ്യുമ്പോൾ ആണ് അതിനെ നിയന്ത്രിക്കാൻ ശ്രമം വരുന്നത്. അതിന് നാം ഒരുങ്ങുമ്പോൾ അവർക്ക് നാം നല്കേണ്ട കാഴ്ച നമ്മളും അത് ഉപയോഗം കുറച്ചു കാണിക്കുന്നത് തന്നെയാകും. കുട്ടികളെ പഠിപ്പിക്കുന്ന സമയത്ത് രക്ഷകർത്താക്കൾ മിക്കവാറും ചെയ്യുക അവരെ പഠിക്കാൻ വിട്ടിട്ട് മൊബൈലിൽ മുഴുകുക എന്നതാണ്. അവർക്കതിൽ ഈർഷ്യയും പഠനത്തിലെ ശ്രദ്ധ വിട്ടുപോകാനും സാധ്യത ഉണ്ട്. കഴിക്കുമ്പോൾ, ഉറങ്ങാൻ പോകുമ്പോൾ ഒക്കെ രക്ഷകർത്താക്കൾ തങ്ങളുടെ മൊബൈൽ ഉപയോഗം അവർക്ക് മുന്നിൽ കുറച്ചു കാണിക്കുന്നത് വളരെ നന്നായിരിക്കും എന്നു കരുതുന്നു. അതുപോലെ കുട്ടികൾക്ക് സംഗീതം കേൾക്കാൻ വേണ്ടി ആകും മിക്കവാറും അവർ മൊബൈൽ ഉപയോഗിക്കാൻ ചോദിക്കുക. അങ്ങനെ വരുമ്പോൾ നെറ്റ് ഓഫ് ചെയ്ത് അവർക്ക് അത് നല്കാം. സോഷ്യൽ മീഡിയകൾ ഉപയോഗം ചെയ്യാൻ അനുവദിക്കാതെ തന്നെ. അതല്ലെങ്കിൽ മീഡിയ പ്ലേയറുകൾ വാങ്ങിക്കൊടുത്താൽ അവർ മൊബൈൽ ഉപേക്ഷിക്കാൻ തയ്യാറാകും. പക്ഷേ അധിക നേരം ഹെഡ് ഫോണുകൾ ഉപയോഗിക്കുന്നത് ചെവിയിൽ ഫംഗസ് ബാധയും കേൾവിക്ക് പ്രശ്നവും ഉണ്ടാക്കും എന്നതുകൂടി നാം മനസ്സിലാക്കുക തന്നെ വേണം. കണ്ണുകൾക്ക് വരൾച്ച, കാഴ്ചയ്ക്ക് പ്രശ്നം, ഉറക്കക്കുറവ്, നട്ടെല്ലിന് പ്രശ്നം തുടങ്ങിയ പലവിധ പ്രശ്നങ്ങൾ മൊബൈലിന്റെ നിരന്തര ഉപയോഗം കുട്ടികൾക്ക് നല്കും . അവർ വളർന്ന് തുടങ്ങിയിട്ടേയുള്ളു അവർ വളഞ്ഞു പോകാതിരിക്കട്ടെ . കമ്പ്യൂട്ടർ ഉപയോഗിക്കാൻ അവരെ പ്രേരിപ്പിക്കുക. അതാകട്ടെ ഹാളിലോ മറ്റുള്ളവരുടെ കൺവെട്ടത്തോ ആയിരിക്കാൻ ശ്രദ്ധിക്കുക. ഗെയിമുകളും ഓൺലൈൻ സൈറ്റുകളും എടുക്കാൻ അവർ ഉപയോഗിക്കുന്ന ഇ-മെയിൽ വിലാസം അവരുടെ പേരിൽ തന്നെ തുടങ്ങുക. അവരുടെ ശരിയായ പ്രായം കൊടുത്തുകൊണ്ട് അതുമൂലം അഡൾട്ട് റേറ്റിംഗ് സംവിധാനം കൊണ്ട് കുറേയൊക്കെ അവരുടെ അന്വേഷണങ്ങൾ ആരോഗ്യകരമായി നില്ക്കും. നിയന്ത്രണങ്ങൾ നൽകുന്നതിനൊപ്പം തന്നെ അവർക്ക് ലൈംഗിക വിദ്യാഭ്യാസവും ബോധവത്കരണവും സോഷ്യൽ മീഡിയകളും ഇന്റർനെറ്റും അതിന്റെ ഗുണദോഷങ്ങളും പറഞ്ഞു ബോധ്യപ്പെടുത്തുക. ഇവയൊക്കെ കൊണ്ട് മാത്രമേ കുട്ടികളെ സ്വതന്ത്രമായി പരിമിതമായെങ്കിലും ഇവയൊക്കെ പോസിറ്റീവ് ആയി ഉപയോഗിക്കാൻ പ്രാപ്തമാക്കുകയുള്ളൂ. മാറുന്ന കാലത്തിനൊപ്പം അവരും ബുദ്ധിപരവും ആരോഗ്യപരവുമായി മാറട്ടെ. അത് നന്മ വരുത്തുക തന്നെ ചെയ്യും.

(ഈ ലേഖനത്തിൽ കുട്ടികൾ എന്നും രക്ഷകർത്താക്കൾ എന്നും രണ്ടു കാര്യങ്ങൾ ഉപയോഗിച്ചത് പൊതുവത്കരണം ആയി എടുത്തു പ്രഹസനം സൃഷ്ടിക്കരുത് എന്നപേക്ഷിക്കുന്നു. മുഴുവൻ കുട്ടികളും രക്ഷകർത്താക്കളും സമൂഹവും ഇങ്ങനെയാണ് എന്നല്ല ഇങ്ങനെയും ഇവിടെ സംഭവിക്കുന്നുണ്ട് എന്നു മാത്രമുള്ള ഓരോർമ്മപ്പെടുത്തൽ മാത്രമാണ് ഇതിലുള്ളത്. ആ രീതിയിൽ ഇത് വായിക്കണം എന്നു അപേക്ഷിക്കുന്നു.) ●

**ബിജു ജി. നാഥ്**
വർക്കല സ്വദേശം. ദുബായിൽ ഇപ്പോൾ ജോലി ചെയ്യുന്നു. കഥ, കവിത, ലേഖനം തുടങ്ങിയവ എഴുതാറുണ്ട്. കനൽച്ചിന്തുകൾ എന്നൊരു കവിതാസമാഹാരം ഇറങ്ങിയിട്ടുണ്ട്. ഓൺലൈൻ പ്രസിദ്ധീകരണങ്ങളിൽ കോളം ചെയ്യാറുണ്ട്. പുസ്തകവായന, ആസ്വാദനം, വിമർശനം എന്നിവ ചെയ്യുന്നു.



INDUS FINANCIAL LLC

SERVING MICHIGAN SINCE 1998

Indus Financial
NMLS #: 1465652




**MOHAN PANANGAVIL**
NMLS #: 138021

WE PROVIDE RESIDENTIAL AND COMMERCIAL MORTGAGE SERVICES. EXCELLENT RATES AND FAST CLOSING. VERY LESS PAPER WORK BECAUSE WE ARE ON CUTTING EDGE TECHNOLOGY WITH ELECTRONIC DOCUMENTATION. WE GIVE INSTANT PRE-APPROVAL LETTERS TO PROSPECTIVE HOME BUYERS. NO COST OPTIONS ARE AVAILABLE.

(734) 525 - 1234    (248) 670-9044
www.indusfinancial1.com

## About Us?

**Mohan Panangavil** began originating residential mortgages in Michigan since 1998. His long term experience in providing residential loans enables him in solving every loan situation, there is.

## Why Choose Us?

At Indus Financial, we have a dedicated team that loves what they do. Our dedication enables us to provide the Highest Level Customer Satisfaction and Experience.

Address: 1729 Fleetwood Dr, Troy, MI 48098    Email: indusfinancial@gmail.com



ഗിരിജാവാര്യർ
പാലക്കാട്

# ചില ഓണസ്മൃതികൾ

**ഓ**ണം എന്നും മലയാളിക്ക് ഗൃഹാതുരത്വം ഉണർത്തുന്ന പ്രിയതരമായ ഒരാഘോഷമാണ്. ലോകത്തിന്റെ ഏത് കോണിലിരുന്നാലും മലയാളി ഓണമാഘോഷിക്കും. എത്ര തിരക്കുകൾക്കിടയിലും ഒരു പൂവിളിയുടെ ശബ്ദത്തിന്നു കാതോർക്കും.

മഹാബലിയുടെ ഓർമ്മയ്ക്കായിട്ടാണ് ഓണം ആഘോഷിച്ചുവരുന്നത് എങ്കിലും, ആത്യന്തികമായി ഇതൊരു വിളവെടുപ്പുത്സവമാണ്, അഥവാ വ്യാപരോത്സവമാണ്. കേരളത്തിലെ ഓണം തമിഴ്നാട്ടിൽനിന്ന് സംക്രമിച്ചതാണെന്ന് ഒരു കൂട്ടർ! വാമനവിജയത്തെ അടിസ്ഥാനമാക്കി ക്ഷേത്രോത്സവമായി നടത്തിവന്ന ഈ മഹാബലിസ്മരണ പിൽക്കാലത്ത് ഗാർഹികോത്സവമായി മാറിയതാണ് എന്നു പറയപ്പെടുന്നു. സംഘകാലകൃതിയായ 'മധുരൈകാഞ്ചി'യിൽ ഓണത്തെപ്പറ്റിയുള്ള പരാമർശം കാണുന്നുണ്ട്. തിരുമാലി (മഹാവിഷ്ണു)ന്റെ ജന്മദിനം ആയിട്ടാണ് ഓണം ആഘോഷിക്കുന്നത് എന്നാണ് അതിൽ പറയുന്നത്. ആറുമാസത്തെ ദീർഘമായ മഴക്കാലത്തിനുശേഷം,

**ഓണം മലയാളഭാഷയ്ക്കു പുതിയ കുറേ പദങ്ങളും സമ്മാനിച്ചു.'പിള്ളേരോണം, അഞ്ചാമോണം, അമ്മായിയോണം, അവിട്ടത്തല്ല്, അവിട്ടക്കട്ട, ഉത്രാടപ്പാച്ചിൽ, ഉത്രാടച്ചന്ത, ഉത്രാടക്കാഴ്ച എന്നിവ അവയിൽ ചിലതുമാത്രം! ഓണത്തെ ഇത്രയും മധുരോദാരമാക്കുന്നത്,അത്രമേൽ ആ ആഘോഷം, മലയാളിയുടെ വികാരമായി മാറിയതുകൊണ്ടാണ്.**

വ്യാപാരവും വാണിജ്യവും പുരോഗമിക്കുന്ന ഇക്കാലത്താണ് വിദേശക്കപ്പലുകൾ സുഗന്ധദ്രവ്യങ്ങളുമായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. അങ്ങനെ, സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ, പൊന്നിൻ ചിങ്ങമാസമെന്നും, ഓണത്തെ പൊന്നോണമെന്നും വിളിക്കാൻ ഇടയായി എന്ന് പറയപ്പെടുന്നു. ശ്രാവണമാസത്തിലെ തിരുവോണനാളിലാണ് വാണിജ്യം പുനരാരംഭിക്കുന്നത്. ശ്രാവണത്തിന് പാലി ഭാഷയിൽ 'ആവണം' എന്ന് പറയും. അതാണ് പിന്നീട് ലോപിച്ച് 'ഓണ'മായി മാറിയത് എന്നാണ്, ചരിത്രകാരന്മാരുടെ അഭിപ്രായം.

ഓണത്തിന്റെ, പ്രചുരപ്രചാരം നേടിയ കഥ മഹാബലിയുടെയും വാമനന്റേതും തന്നെ. ഭാഗവതത്തിൽ അഷ്ടമസ്കന്ധത്തിൽ 18 മുതൽ 23 വരെയുള്ള അദ്ധ്യായങ്ങളിലായി ഭഗവാൻ വിഷ്ണുവിന്റെ വാമനാവതാരത്തേയും മഹാബലിയെയും പറ്റി പറയുന്നുണ്ട്. എന്നാൽ സർവ്വഗുണ സമ്പന്നനായ മഹാബലിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി എന്ന കഥ ശരിയല്ല. എല്ലാ ഗുണങ്ങളും തികഞ്ഞവനാണെങ്കിലും മഹാബലിക്ക് അഹങ്കാരം ഉണ്ടായിരുന്നു. വാമനൻ തന്റെ പാദസ്പർശത്താൽ മഹാബലിയെ ആ അഹങ്കാരത്തിൽനിന്ന് മോചിതനാക്കി, സുതലത്തിലേക്ക് ഉയർത്തുകയാണ് ചെയ്തത്.അവിടെ അദ്ദേഹം ഭക്തന്റെ കാവലാളായും മാറി.

ഓണത്തെ ശ്രീബുദ്ധനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള കഥകളും നിലവിലുണ്ട്. സിദ്ധാർത്ഥ രാജകുമാരൻ ബോധോദയത്തിനുശേഷം ശ്രാവണപദത്തിലേക്ക് പ്രവേശിച്ചത് തിരുവോണനാളിൽ ആയിരുന്നുവത്രേ. ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കത്ത് പോയതും ചിങ്ങത്തിലെ തിരുവോണനാളിൽ ആയിരുന്നു. തൃക്കാക്കര വാണിരുന്ന ബുദ്ധമതക്കാരനായ ചേരമാൻ പെരുമാളിനെ നാടുകടത്തിയതാണെന്നും, എന്നാൽ അദ്ദേഹത്തെ സ്നേഹിച്ചിരുന്ന ജനങ്ങളുടെ എതിർപ്പിനെ തണുപ്പിക്കാൻ എല്ലാ വർഷവും 'തിരുവിഴാ' നാളിൽ മാത്രം നാ

ട്ടിൽ പ്രവേശിക്കാനുള്ള അനുമതി നൽകിയെന്നും ചരിത്രം. അതുകൊണ്ടാണത്രേ ‘തൃക്കാക്കരയപ്പൻ’ എന്നപേരിൽ ബുദ്ധസ്തൂപങ്ങളുടെ ആകൃതിയിൽ ഇന്നും ഓണത്തപ്പനെ പ്രതിഷ്ഠിക്കുന്നത്.

നന്മയ്ക്ക് വേണ്ടിയുള്ള കാത്തിരിപ്പ് മനസ്സിന്റെ ഒരു ചോദനയാണ്. തിമർത്തുപെയ്യുന്ന മഴ ഉള്ളിൽ നീറ്റൽ പടർത്തുമ്പോഴും അത് വർണാഭമായ ഒരു പൂക്കാലം കിനാക്കാണും. വേലയില്ലെങ്കിലും,അന്നം തരുന്ന തമ്പുരാക്കന്മാരുടെ തിരുമുറ്റത്തെത്തുന്ന അടിയാളർ, കളിമണ്ണ് കുഴച്ച്, അതിൽ താളും വെളിയും ദശപുഷ്പവും വെച്ച് തമ്പുരാക്കന്മാർക്കു സമർപ്പിക്കുന്ന കാഴ്ച വള്ളുവനാടൻ ഗ്രാമങ്ങളിൽ ഉണ്ട്. 'പുരയിൽ കുത്തുക' എന്നാണ് ഈ ചടങ്ങിന് പേര്. കർക്കിടകം ഒന്നിന് ‘പൂവേ പൊലി പൂവേ’ എന്ന ആർപ്പുവിളിയോടെ തമ്പുരാൻ അത് പുരപ്പുറത്തു സ്ഥാപിക്കും. വർണ്ണശബളമല്ലാത്ത ഈ ദശപുഷ്പത്തിലൂടെ നിറക്കൂട്ടുള്ള ഓണക്കിനാക്കളാണ് അവർ നെയ്തുകൂട്ടുന്നത്.

നമ്പൂതിരി ഗൃഹങ്ങളിലും മറ്റും കർക്കിടകത്തിലെ തിരുവോണ ദിവസം തുടങ്ങും ഈ‘പൂവിടൽ‘ ചടങ്ങ്. അത് ചിങ്ങത്തിലെ അത്തം വരെ നീണ്ടുനിൽക്കും. അത്തം നാൾ മഞ്ഞൾച്ചെടിയുടെ ഇലമേൽ,മാവുകൊണ്ടണിയാതെ മൂന്ന് മാതേവരെ പ്രതിഷ്ഠിക്കും. മൂലംനാൾ വരെ അത് അവിടെയിരിക്കും. മാതേവർമുടിയിലെ പൂ മാത്രം എന്നും മാറ്റിക്കുത്തും. മൂലം നാൾതൊട്ട്, അരിമാവുകൊണ്ട് അണിഞ്ഞതിനുമേലെ നാക്കിലയിട്ടാണ് പ്രതിഷ്ഠ. മൂലത്തിന് അഞ്ച്, പൂരാടത്തിന് ഏഴ്, ഉത്രാടത്തിന് ഒമ്പത്, തിരുവോണത്തിനു ഇരുപത്തൊന്ന്, ഇങ്ങനെ മാതേവരുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. ഓണനാളിൽ അതിരാവിലെത്തന്നെ കുളിച്ചുശുദ്ധമായി, തുമ്പപ്പൂവിട്ട പൂവടയും, പഴനുറുക്കും തൃക്കാരയപ്പന് നിവേദിക്കണം. പൂവിളി നാടെങ്ങും മുഴങ്ങണം.

കൈകൊട്ടിക്കളി, ഊഞ്ഞാലാട്ടം, പുലിക്കളി, പന്തുകളി, ഓണത്തല്ല്, കുമ്മാട്ടിക്കളി, വള്ളംകളി എന്നിവയ്ക്കുപുറമേ, പ്രദേശികമായി കാണുന്ന ഒട്ടേറെ കളികളും, കലാരൂപങ്ങളും ഓണാഘോഷങ്ങളുടെ തെളിമ വർദ്ധിപ്പിക്കുന്നു.വടക്കൻ കേരളത്തിൽ പെരുവണ്ണാൻ സമുദായത്തിലെ അംഗങ്ങൾ ചായം പൂശിയ മുഖങ്ങളുമായി ഉടുക്കുകൊട്ടി ഓണപ്പാട്ടു പാടിനടക്കും. ‘ഓണദേവൻ’ എന്ന സങ്കല്പമാണിത്. ഇതിനുപുറമേ കിരീടവും കൈയിൽ മണിയുമായി ഓണപ്പൊട്ടന്റെയും വരവുണ്ട്.

ഓണം മലയാളഭാഷയ്ക്കു പുതിയ കുറേ പദങ്ങളും സമ്മാനിച്ചു.‘പിള്ളേരോണം, അഞ്ചാമോണം, അമ്മായിയോണം, അവിട്ടത്തല്ല്, അവിട്ടക്കട്ട, ഉത്രാടപ്പാച്ചിൽ, ഉത്രാടച്ചന്ത, ഉത്രാടക്കാഴ്ച എന്നിവ അവയിൽ ചിലതുമാത്രം! ഓണത്തെ ഇത്രയും മധുരോദാരമാക്കുന്നത്,അത്രമേൽ ആ ആഘോഷം, മലയാളിയുടെ വികാരമായി മാറിയതുകൊണ്ടാണ്. കാലമെത്ര കഴിഞ്ഞാലും ഓണത്തിന്റെ ചാരുതയ്ക്ക് ഒരു മങ്ങലുമേൽക്കില്ലെന്നു മലയാളിക്കറിയാം. ആഘോഷങ്ങളുടെ രൂപവും ഭാവവും മാറിയേക്കാം!എങ്കിലും മലയാളിക്ക് ‘ഓണ’ മെന്നും ‘പൊന്നോണം’ തന്നെ!



# നിശ്ശബ്ദതയുടെ വീട്



യു. ആർ. ഗോപാലകൃഷ്ണൻ

**'തു**ടക്കം ശബ്ദത്തിലൂടെയാണ് ... ഒടുക്കം നിശബ്ദതയിലും'

ആ മാളികവീട് എന്നും നിശ്ശബ്ദമായിരുന്നു. ആ വലിയ വീട്ടിൽ നിന്നും ഒരിക്കലും ഒരു ശബ്ദം പോലും കേട്ടിരുന്നില്ല. ആ വീടിന്റെ വാതിലുകളും ജനലുകളും സദാ അടഞ്ഞ് കിടന്നിരുന്നു. "നിശ്ശബ്ദതയുടെ വീട്", എന്നതിന് പേര് കൊടുക്കുന്നതിൽ തെറ്റില്ലായിരുന്നു.

ആ വീട്ടിൽ ഒരു വൃദ്ധനും വൃദ്ധയും താമസിച്ചിരുന്നു. വൃത്തിയായി വേഷം ധരിച്ച വൃദ്ധ അപൂർവ്വമായി മാത്രം വാതിൽ തുറന്നു പ്രത്യക്ഷപ്പെടുമായിരുന്നു. ചിലപ്പോൾ മാത്രം അവർ പുറത്തേക്ക് പോകുമായിരുന്നു. നിശബ്ദയായി തല താഴ്ത്തി നടന്നു പോയിരുന്ന അവർ ആരെയും ചോദിക്കുന്നവരോട് കണ്ടഭാവം നടിച്ചിരുന്നില്ല. "എവിടെപ്പോയി" എന്ന് കുശലം "ക്ഷേത്രത്തിൽ", അല്ലെങ്കിൽ, "ബാങ്കിൽ", എന്ന് പതിഞ്ഞ ശബ്ദത്തിൽ മറുപടി പറഞ്ഞുകൊണ്ട് വേഗം നടന്നുപോകുമായിരുന്നു.

വൃദ്ധൻ ഇടയ്ക്കിടെ പുറത്തിറങ്ങുകയും വീടിനു ചുറ്റും നടക്കുകയും ചെയ്തിരുന്നു. ഇടയ്ക്ക് പുറത്ത് പോകുമ്പോൾ അയാൾ സംസാരം ഒരു ചിരിയിലും തലകുലുക്കലിലും ഒതുക്കിയിരുന്നു.

ഉച്ചയാകുമ്പോഴേക്കും വൃദ്ധയായ വേലക്കാരി വന്നു മുറ്റം അടിച്ചുവാരുമ്പോഴാണ് ആ വീട്ടിൽ നിന്നൊരു ശബ്ദം ആദ്യമായി ഉയരുന്നത്. വേലക്കാരി പോകുന്നതോടെ ആ വീട് വീണ്ടും നിശ്ശബ്ദമാകും.

ആ വീടിന്റെ എതിർഭാഗത്ത് ഒരു ചെറിയ വീട്ടിൽ യുവദമ്പതിമാർ താമസിച്ചിരുന്നു. അവിടെ നിന്ന് സദാ ശബ്ദങ്ങൾ ഉയർന്നിരുന്നു. ഉറക്കെ സംസാരിക്കുന്ന ശബ്ദം, പൊട്ടിച്ചിരിക്കുന്ന ശബ്ദം, ഉച്ചത്തിൽ വഴക്കിടുന്ന ശബ്ദം, ശാപവാക്കുകളുടെയും പൊട്ടിക്കരച്ചിലിന്റെയും ശബ്ദം, കോപാകുലമായ അട്ടഹാസത്തിന്റെ ശബ്ദം, പഴയകാല പ്രണയ ഗാനങ്ങൾ പാടുന്ന റേഡിയോയുടെ ശബ്ദം, കഠോരമായ ശബ്ദത്തിൽ ബുള്ളറ്റ് വരികയും പോവുകയും ചെയ്യുന്ന ശബ്ദം, രാത്രിയുടെ നിശ്ശബ്ദതയിലെ സീൽക്കാരങ്ങളുടെ ശബ്ദം... ഇതൊരു, "ശബ്ദങ്ങളുടെ വീട്", ആണോ എന്ന് ആരും സംശയിച്ചു പോകുമായിരുന്നു.

നിശ്ശബ്ദതയുടെ വീട് ഇതെല്ലാം നിശ്ശബ്ദമായി സഹിക്കുകയാണോ എന്ന് തോന്നുമായിരുന്നു. ചില അവധിദിവസങ്ങളിൽ മാത്രം ആ വീട്ടിലേക്ക് ഒരു ആഡംബര കാർ ശ



# URON Tax & Financial Services, LLC

3098 Bennington Dr.
Wixom, MI 48393-1722

Email: gtvann@aol.com
Phone: (248) 624-2511
Cell: (248) 921-9941
Fax: (248) 679-1553

**George T. Vannilam**
MS, MBA, EA (Enrolled Agent)
Fellow, National Tax Practice Institute
www.urontax.com
www.naea.org, www.misea.org



## Tax Services

**A One-Stop Station for Tax Preparation, Representation and Solution to all Tax Problems.**

- Representation before IRS for all Tax Problems, Audits or Appeals
- Individual and Business/Corporate Tax Returns
- All State Returns
- Book-keeping and Payroll
- IRS e-file



***Your Satisfaction Guranteed!***

## Mortgage Services

NMLS# 1686724

**A One-Stop Station for all your Residential and Commercial Mortgage and Refinancing Needs.**



- Purchase and Refi. Loans
- $0 Closing Costs
- Lowest Rate Guarantee
- Quick Closing

***$$$ Saves you money! $$$***

ബ്ദമില്ലാതെ വരുമായിരുന്നു. അതിൽ നിന്ന് ആധുനിക വേഷം ധരിച്ച ഒരു യുവാവും യുവതിയും കൂടെ രണ്ട് കുട്ടികളും ഇറങ്ങുമായിരുന്നു. അതോടെ ആ വീട് ശബ്ദമുഖരിതമാവുമായിരുന്നു. കുട്ടികൾ ഒച്ചയെടുക്കുകയും, ഓടിക്കളിക്കുകയും, ഉറക്കെ കരയുകയും ചെയ്യുന്ന ശബ്ദം..., ശാസനകളുടെ ശബ്ദം..., കുട്ടികൾ ഉറക്കെ സംശയങ്ങൾ ചോദിക്കുന്ന ശബ്ദം, മറുപടിയായി വൃദ്ധന്റെയും വൃദ്ധയുടേയും പതിഞ്ഞ ശബ്ദം, യുവാവാകട്ടെ സദാ വരാന്തയിൽ ലാപ്ടോപ്പിൽ പൂഴ്ത്തിയിരിക്കുകയായിരിക്കും; യുവതിയാകട്ടെ സദാ മുറ്റത്തും ടെറസ്സിലും ആരോടൊക്കെയോ മൊബൈൽ ഫോണിൽ സംസാരിക്കുകയും ഒരു പ്രഭാതത്തിൽ അവർ കാറിൽ കയറി മടങ്ങിപ്പോവുകയും വീട് വീണ്ടും നിശ്ശബ്ദതയുടെ നിർവ്വികാരതയിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുമായിരുന്നു.

ഒരു നാൾ വൃദ്ധൻ മരിച്ചു. നിശ്ശബ്ദരായി ആളുകൾ ആ വീട്ടിലേക്ക് വരികയും പോവുകയും ചെയ്തു കൊണ്ടിരുന്നു. വിലപിടിച്ച കാറുകൾ നിശ്ശബ്ദമായി റോഡരുകിൽ കാത്തു കിടന്നു. മന്ത്രോച്ചാരണത്തിന്റെ പശ്ചാത്തലത്തിൽ വൃദ്ധൻ ചിതയിലേക്ക് ആനയിക്കപ്പെട്ടു. വൃദ്ധയെ അവിടെയെങ്ങും കണ്ടില്ല. അവർ അകത്ത് നിശ്ശബ്ദമായി തേങ്ങുകയാവാം. പിന്നീട് വൃദ്ധയെ വല്ലപ്പോഴും മാത്രം പുറത്തുകണ്ടു. കുറച്ച് നാൾ കഴിഞ്ഞ് വൃദ്ധയും മരിച്ചു. അതോടെ വീട് നിത്യമായ മൗനത്തിലേക്ക് ആണ്ടുപോയി. ചുറ്റും പുല്ലുകളും കാടും നിറഞ്ഞ ആ വീട് വത്മീകം കൊണ്ട് മൂടുന്ന പോലെ മാറിക്കൊണ്ടിരുന്നു.

എതിർഭാഗത്തെ ചെറിയ വീട്ടിൽ സദാ ബഹളമായിരുന്നു. യൗവനം ആ യുവദമ്പതികൾ ആഘോഷമാക്കുകയായിരുന്നു. സദാ ശബ്ദങ്ങളും മദ്യപാന സദസ്സുകളും അട്ടഹാസങ്ങളും കൊണ്ട് ആഹ്ലാദഭരിതവും ശബ്ദമുഖരിതവുമായിരുന്നു ആ വീട്.

ഒരു നാൾ ആ മാളിക വീട്ടിലേക്ക് തൊഴിലാളികൾ കടന്നു വന്നു. അവർ പുല്ലും കാടും വെട്ടിത്തെളിച്ചു, വീട് നവീകരിച്ചു, മോടി പിടിപ്പിച്ചു. മദ്ധ്യവയസ്കനായ മണവാളനെപ്പോലെ വീട് പുതുമോടിയിൽ ശോഭിച്ചു നിന്നു.

മാളിക വീട് ഒരു ഹെറിറ്റേജ് ഹോട്ടലായി മാറി. അവിടേക്ക് ധാരാളം കാറുകളും ബൈക്കുകളും ഒഴുകി വന്നു. മോടി പിടിച്ച വേഷത്തിൽ കുലീനരായ ആളുകൾ നിശ്ശബ്ദരായി വന്നുകൊണ്ടിരുന്നു. അവർ ആഭിജാത്യത്തോടെ ചെറിയ ശബ്ദത്തിൽ മാത്രം ശബ്ദിച്ചു, പതിഞ്ഞ ശബ്ദത്തിൽ ചിരിച്ചു, ദീർഘനേരമെടുത്ത് വിഭവങ്ങൾ ആസ്വദിച്ചു കഴിച്ചു. ദീപാലങ്കാര പ്രഭയിൽ ആളുകൾ അന്തരീക്ഷത്തിന് അലോസരം ഉണ്ടായാലോ എന്ന ഭയത്താലാവാം നേർത്ത സംഭാഷണത്തിൽ മുഴുകി.

അകത്ത് അഭിജാതരായ മനുഷ്യർ സോഫ്റ്റ് ജാസ്സിന്റെയും ക്ലാസ്സിക്കൽ മ്യൂസിക്കിന്റെയും പശ്ചാത്തലത്തിൽ ഉല്ലാസഭരിതരായി ചലിച്ചുകൊണ്ടിരുന്നു. അത്രയും ഉപചാരരീതിയിൽ ആണ് ഹെറിറ്റേജ് വീട് പെരുമാറിയത്.

ചെറിയ വീട് എന്നാൽ പതിവുപോലെ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ആഘോഷഭരിതവും ആഹ്ലാദനിർഭരവുമായി ജീവിതം നയിച്ചു പോന്നു.

എതിർഭാഗത്ത് ഒഴിഞ്ഞുകിടന്ന സ്ഥലത്ത് വിശാലമായ സ്ഥലത്ത് ഒരു വലിയ ഫ്ളാറ്റിന്റെയും, അപ്പുറം ഒരു ഫൈവ്സ്റ്റാർ വൃദ്ധസദനത്തിന്റെയും പണികൾ ആരംഭിച്ചിരുന്നു. യന്ത്ര സാമഗ്രികളുടെ ശബ്ദം മാത്രം അവിടെ നിന്ന് കേട്ടിരുന്നു.

ഒരു സായാഹ്നത്തിൽ യുവകവിയും യുവകഥാകൃത്തും ആ വഴി നടക്കാനിറങ്ങി.

"കോടീശ്വരൻമാർക്കുള്ള ഫ്ളാറ്റാണ് വരുന്നത്."

"നാട്ടിൻപുറം ഫ്ളാറ്റുകളാൽ സമൃദ്ധം."

"അതിനപ്പുറം വൃദ്ധസദനം"

"നാട് നരകമായി അല്ല നഗരമായി പരിണമിക്കുകയാണ്."

"നാടു മുഴുവൻ നിശബ്ദമാവുകയാണ് അല്ലേ? പണ്ടൊക്കെ നാട്ടിൻ പുറത്ത് എന്ത് ഉച്ചത്തിലാണ് ആളുകൾ സംസാരിക്കുക."

"നിശബ്ദതയ്ക്ക് പല തലങ്ങളുണ്ട്. ഒന്ന് ഭയം പിന്നെ ദുഃഖം, പിന്നെ ഉൾവലിയൽ"

"ഫിസിക്കൽ ആന്റ് മെറ്റാഫിസിക്കൽ അല്ലെ?"

"ടെക്നോളജി മനുഷ്യരെ മനസ്സിലേക്കും വീട്ടിലേക്കും ഉൾവലിയാൻ പ്രേരിപ്പിക്കുന്നു. മൊബൈൽ, കമ്പ്യൂട്ടർ വിരൽത്തുമ്പിലെ വിവരശേഖരണം, വീട്ടിൽ ഇരുന്ന് ഓർഡർ ചെയ്താൽ എത്തുന്ന ആഹാരമുൾപ്പെടെയുള്ള വസ്തുക്കൾ, ജോലി പോലും വീട്ടിൽ ഇരുന്ന്... ടെക്നോളജി ലോകത്തിന്റെ ശബ്ദം കുറയ്ക്കുകയാണ് ചെയ്യുന്നത്. വാഹനങ്ങൾ, യന്ത്രങ്ങൾ എല്ലാം ശബ്ദരഹിതമാവുകയാണ് അല്ലെ?"

"ലോകത്തെ മുഴുവൻ വീട്ടിലേക്ക് ഒതുക്കി നിശ്ശബ്ദമാക്കിയ കൊറോണ ഭീകരൻ."

"മറ്റൊരു നിശ്ശബ്ദത ഭയത്തിന്റെതാണ്. കോർപ്പറേറ്റ് ക്യാപിറ്റലിസവും ഫാസിസവും കൈകോർത്ത് ജനങ്ങൾക്കു മേൽ നിഴൽ വിരിക്കുമ്പോൾ ഭയം മൂലം അവർ നിശ്ശബ്ദരാകുന്നു. പത്തിവിരിച്ചു നിൽക്കുന്ന പാമ്പിനെ ഭയപ്പെടുന്ന പോലെ."

"അടിയന്തരാവസ്ഥയിലെ വിശുദ്ധ മൗനം പോലെ."

"ലോകം തന്നെ നിശ്ശബ്ദതയിലേക്ക് ആണ്ടു പോകുന്ന പോലെ."

"വീടുകളിൽ ടി. വി. മാത്രമാണ് ഉച്ചത്തിൽ സംസാരിക്കുക."

"ഈ വൃദ്ധസദനത്തിലും എല്ലാവരും നിശ്ശബ്ദരായിരിക്കും, ഓർമ്മകളിൽ ഒഴുകി നടന്ന്."

"ഈ ചെറിയ വീടിന് എന്തുപറ്റി? ഇന്നാട്ടിൽ ആകെകൂടി ഒച്ചയുള്ള വീട് ഇതായിരുന്നു."

"അതോ.......... അവർ ഡിവോർസ് ആയി?"

"ഇപ്പോൾ ആ യുവതി മാത്രമേ അവിടെയുള്ളൂ."

"അവർ പുനർവിവാഹം ചെയ്താൽ വീണ്ടും അവിടെ ശബ്ദം ഉയരുമായിരിക്കും."

"ഇല്ല ഇനി അവിടം എന്നും നിശ്ശബ്ദം ആയിരിക്കും." ●

